REGIONAL NEWS UNIT, ALL INDIA RADIO, CALICUT

ആകാശവാണി

പ്രാദേശിക വാർത്തകൾ

തിയ്യതി: 17-11-2026 സമയം 06.45 AM

പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഫിലിപ്പീൻസിൽ 23-ാമത് ആസിയാൻ - ഇന്ത്യ ഉച്ചകോടിയിൽ പങ്കെടുക്കും.
- സിയാൽ ശബരിമല ഇടത്താവളം, രാവിലെ മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യും.
- 30ാമത് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് ഇന്ന് പാലക്കാട്ട് തുടക്കം.
- കേരള സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും.
- സാഫ് ചാമ്പ്യൻഷിപ്പ് ഫുട്ബോൾ ഫൈനലിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.

വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഫിലിപ്പീൻസിലെ മനിലയിൽ, 23-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലും 21-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയിലും പങ്കെടുക്കും. 2026-ലെ ആസിയാൻ അധ്യക്ഷ പദവി വഹിക്കുന്ന ഫിലിപ്പീൻസാണ്, രണ്ട് ഉച്ചകോടികൾക്കും ആതിഥേയത്വം വഹിക്കുന്നത്. ഉച്ചകോടികളുടെ ഭാഗമായി ആസിയാൻ നേതാക്കളുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. ആസിയാൻ കൂട്ടായ്മയുമായി ഇന്ത്യയുടെ സമഗ്ര തന്ത്രപ്രധാന പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും സഹകരണം വ്യാപിപ്പിക്കുന്നതിനെക്കുറിച്ചും നേതാക്കൾ ചർച്ച ചെയ്യും.

✪✪✪

രാജ്യത്തിന്റെ സംസ്കാരത്തെയും പൈതൃകത്തെയും സംരക്ഷിക്കുന്നതിനൊപ്പം, അവയെ തൊഴിലവസരങ്ങൾ, ഉപജീവനമാർഗ്ഗം, സംരംഭകത്വം എന്നിവയുമായി ബന്ധിപ്പിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് പറഞ്ഞു. ന്യൂഡൽഹിയിൽ, ട്രാൻസ്ഫോം ഇന്ത്യ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ആഗോളതലത്തിൽ നീതിപൂർവ്വകമായ ഊർജ്ജ മാറ്റം, ഓരോ രാജ്യത്തിന്റെയും സാഹചര്യങ്ങൾക്കനുസരിച്ച് പ്രായോഗികമായി നടപ്പിലാക്കണമെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് പറഞ്ഞു. തുർക്കിയിലെ അന്റാലിയയിൽ യു.എൻ COP കാലാവസ്ഥാ വ്യതിയാന സമ്മേളനത്തിന്റെ ഭാഗമായി ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ഇന്ന് വൃശ്ചികം ഒന്ന്. ഇനി ശരണമന്ത്രങ്ങളുടെ നാളുകൾ. 41 ദിവസം നീണ്ടുനിൽക്കുന്ന വ്രതാനുഷ്ഠാനങ്ങളുടെയും തീർത്ഥാടനത്തിന്റെയും പുണ്യകാലമായ മണ്ഡലകാലത്തിന് തുടക്കമായി. പുലർച്ചെ മുതൽ സംസ്ഥാനത്തെ ക്ഷേത്രങ്ങളിലെല്ലാം വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

മണ്ഡലകാല പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്നലെ വൈകിട്ട് തുറന്നിരുന്നു. ഇന്ന് പുലർച്ചെ നിർമ്മാല്യ ദർശനത്തിനും പതിവ് അഭിഷേകങ്ങൾക്കും ശേഷം നെയ്യഭിഷേകവും മറ്റ് വിശേഷാൽ പൂജകളും ആരംഭിച്ചു.

✪✪✪

സിയാൽ ശബരിമല ഇടത്താവളം രാവിലെ മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. KSRTC ബുക്കിങ് കൗണ്ടർ, ഹെലിക്കോപ്റ്റർ സർവീസ്, ദേവസ്വം ഹെൽപ്പ് ഡെസ്ക്, പ്രസാദം കൂപ്പൺ കൗണ്ടർ, പ്രീപെയ്ഡ് ടാക്സി ബുക്കിംഗ്, വെജിറ്റേറിയൻ ഭക്ഷണശാല, വിശ്രമകേന്ദ്രം, ഫ്ലൈറ്റ് ഇൻഫർമേഷൻ ഡിസ്പ്ലേ സിസ്റ്റം, ഫ്രീ - വൈഫൈ എന്നീ സൗകര്യങ്ങൾ ഇടത്താവളത്തിൽ ലഭ്യമാകും.

✪✪✪

ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനകാലത്ത് ലഹരിവസ്തുക്കളുടെ കടത്തും ഉപയോഗവും തടയുന്നതിനും, പരിശോധനകളും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ശക്തമായ നടപടികൾ

സ്വീകരിക്കാൻ തീരുമാനിച്ചതായി മന്ത്രി M ലിജു പറഞ്ഞു. ഇതിന്റെ ഭാഗമായി പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിലെ എക്സൈസ് സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുമെന്നും പത്തനംതിട്ട, ഇടുക്കി, കോട്ടയം ജില്ലകളിലെ എക്സൈസ് വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. പമ്പ ശ്രീരാമ സങ്കേതം ഓഡിറ്റോറിയത്തിൽ ചേർന്ന അവലോകന യോഗത്തിലാണ്, മന്ത്രി ഇതുസംബന്ധിച്ച നിർദേശങ്ങൾ നൽകിയത്.

✪✪✪

പാരിസ്ഥിതിക, മലിനീകരണ പ്രശ്നങ്ങൾ വിലയിരുത്തുന്നതിന് നിയമസഭ പരിസ്ഥിതി സമിതി, നാളെ എരുമേലി വലിയതോട്, ശബരിമല സന്നിധാനം എന്നിവിടങ്ങൾ സന്ദർശിക്കും. മറ്റന്നാൾ രാവിലെ പമ്പയിൽ അവലോകനയോഗം ചേരും.

✪✪✪

തൃശ്ശൂർ സുവോളജിക്കൽ പാർക്കിനെ, അന്താരാഷ്ട്ര ശ്രദ്ധയാകർഷിക്കുന്ന രീതിയിൽ കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുമെന്ന് മന്ത്രി ഷിബു ബേബി ജോൺ പറഞ്ഞു. പുത്തൂർ സുവോളജിക്കൽ പാർക്കിൽ, പുതിയ ഓൺലൈൻ ടിക്കറ്റിംഗ് സോഫ്റ്റ്വെയറും നിരീക്ഷണ ക്യാമറ സംവിധാനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രണ്ട് മാസത്തിനകം, തൃശ്ശൂർ മൃഗശാലയിലെ മുഴുവൻ മൃഗങ്ങളെയും പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റുമെന്നും മന്ത്രി അറിയിച്ചു. പാർക്കിനോടനുബന്ധിച്ച് റെസ്ക്യൂ ആൻഡ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

30-ാമത് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് ഇന്ന് പാലക്കാട് മണ്ണാർക്കാട്ട് തുടക്കമാകും. നെല്ലിപ്പുഴ DHSS ഹയർസെക്കൻഡറി സ്കൂളിൽ, മന്ത്രി എൻ. ഷംസുദ്ദീൻ മേള ഉദ്ഘാടനം ചെയ്യും. ഉദ്ഘാടനത്തിന് മുന്നോടിയായി വർണാഭമായ വിളംബരജാഥയും നടത്തും.

✪✪✪

കേരള സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും. അക്കാദമിയുടെ 2025-ലെ ഫെലോഷിപ്പ് അവാർഡ്, ഗുരുപൂജ പുരസ്കാരങ്ങൾ എന്നിവ ഇന്ന് മന്ത്രി PC വിഷ്ണുനാഥ് വിതരണം ചെയ്യും.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്...

.....വോയ്സ്.....

രാവിലെ പത്തിന് തൃശ്ശൂർ കേരള സംഗീത നാടക അക്കാദമി യിലെ കെ.ടി. മുഹമ്മദ് തിയേറ്ററിൽ സംഘടിപ്പിക്കുന്ന 'സാദരം' പുരസ്കാര സമർപ്പണ പരിപാടിയിൽ രാജൻ ജെ. പല്ലൻ എം.എൽ.എ. അധ്യക്ഷത വഹിക്കും. രമേഷ് പിഷാരടി എം.എൽ.എ. മുഖ്യാതിഥിയായിരിക്കും.

മൂന്ന് പേർക്ക് ഫെലോഷിപ്പും 18 പേർക്ക് അവാർഡും 22 പേർക്ക് ഗുരുപൂജ പുരസ്കാരവുമാണ് സമ്മാനിക്കുന്നത്. അമേച്വർ നാടകരംഗത്തെ മികച്ച രംഗശില്പിക്കുള്ള 2025-ലെ ചിറയിൻകീഴ് ഡോ. ജി. ഗംഗാധരൻ നായർ എൻഡോവ്മെന്റ് പുരസ്കാരം നിധീഷ് പൂക്കാട് മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങും.

അക്കാദമി ചെയർപേഴ്സൺ ജി. വേണുഗോപാൽ, സെക്രട്ടറി എൻ.വി. പ്രദീപ്കുമാർ, വൈസ് ചെയർപേഴ്സൺ ഹേമന്ത്കുമാർ, കേരള സാഹിത്യ അക്കാദമി സെക്രട്ടറി എം.പി. സുരേന്ദ്രൻ, ലളിതകലാ അക്കാദമി സെക്രട്ടറി വൈക്കം എം.കെ. ഷിബു എന്നിവർ സംസാരിക്കും. തുടർന്ന്, പുരസ്കാര ജേതാക്കൾ നയിക്കുന്ന കലാപരിപാടികളും അരങ്ങേറും.

✪✪✪

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാനായി നിയമിതനായ, റിട്ട. ജസ്റ്റിസ് C. പ്രദീപ് കുമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. വൈകിട്ട് ലോക്ഭവനിൽ ഗവർണർ ഓം പ്രകാശ് മാഥൂർ സത്യവാചകം ചൊല്ലിക്കൊടുക്കും. മുഖ്യമന്ത്രി VD സതീശൻ ചടങ്ങിൽ പങ്കെടുക്കും.

✪✪✪

സാഫ് ചാമ്പ്യൻഷിപ്പ് ഫുട്ബോൾ ഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ധാക്കയിൽ വൈകിട്ട് 7.30 ന് നടക്കുന്ന കലാശപ്പോരാട്ടത്തിൽ പത്താം കിരീടവും, തുടർച്ചയായ മൂന്നാം വിജയവുമാണ് ഇന്ത്യ ലക്ഷ്യമിടുന്നത്. പാകിസ്ഥാന്റെ ചരിത്രത്തിലെ ആദ്യ സാഫ് ചാമ്പ്യൻഷിപ്പ് ഫൈനലാണിത്.

✪✪✪

സയ്ദ് മുഷ്താഖ് അലി ട്വന്റി-20 ക്രിക്കറ്റ് ടൂർണ്ണമെന്റിൽ, കേരളത്തിന് ജയം. മഹാരാഷ്ട്രയെ 94 റൺസിനാണ് കേരളം തോല്പിച്ചത്. ആദ്യം ബാറ്റ് ചെയ്ത കേരളം, 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 211 റൺസെടുത്തു. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ മഹാരാഷ്ട്ര, 16 ഓവറിൽ 117 റൺസിന് എല്ലാവരും പുറത്തായി.

✪✪✪

കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 32-ാം B ബാച്ച് സബ് ഇൻസ്പെക്ടർ കേഡറ്റുകളുടെ പാസിങ് ഔട്ട് പരേഡ്, രാവിലെ തൃശൂരിലെ അക്കാദമി പരേഡ് ഗ്രൗണ്ടിൽ നടത്തും. മന്ത്രി രമേശ് ചെന്നിത്തല സല്യൂട്ട് സ്വീകരിക്കും.

✪✪✪

വിഴിഞ്ഞം-കോവളം ചെറുകിട തുറമുഖത്തെ സർവീസ് ഹാർബറായി വികസിപ്പിക്കുന്നതിന്, സാധ്യതകൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ സംഘം വിഴിഞ്ഞം തുറമുഖം സന്ദർശിച്ചു. തുറമുഖ വകുപ്പ് സെക്രട്ടറി ഡോ. രത്തൻ U. കേൽക്കർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ മാനേജിംഗ് ഡയറക്ടർ ജെറോമിക് ജോർജ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു സന്ദർശനം.

തിരുവനന്തപുരത്തു നിന്ന് രെജു കൊലിയക്കോട്...

.....വോയ്സ്.....

കേരള മാരിടൈം ബോർഡിന്റെ ഭരണനിയന്ത്രണത്തിലുള്ള വിഴിഞ്ഞം-കോവളം ചെറുകിട തുറമുഖത്തെ നിലവിലുള്ള സൗകര്യങ്ങളും അടിസ്ഥാനസൗകര്യങ്ങളും ഉദ്യോഗസ്ഥ സംഘം വിലയിരുത്തി.

മിഷൻ സമുദ്ര പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങളുടെ സാധ്യതകളും സംഘം പരിശോധിച്ചു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനത്തോടെ കപ്പലുകൾക്ക് ആവശ്യമായ അനുബന്ധ സേവനങ്ങളുടെ ആവശ്യകത വർധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിലുള്ള വിഴിഞ്ഞം-കോവളം ചെറുകിട തുറമുഖത്തെ ഫലപ്രദമായി വിനിയോഗിച്ച് ഒരു സർവീസ് ഹാർബർ വികസിപ്പിക്കാനാണ് കേരള മാരിടൈം ബോർഡ് ലക്ഷ്യമിടുന്നത്.

അന്താരാഷ്ട്ര കിഴക്ക്-പടിഞ്ഞാറൻ കപ്പൽപാതയിൽനിന്ന് ഏകദേശം 10 നോട്ടിക്കൽ മൈൽ മാത്രം അകലെയുള്ള വിഴിഞ്ഞത്തിന് കപ്പലുകൾക്കാവശ്യമായ വിവിധ സേവനങ്ങൾ ഒരുക്കുന്നതിൽ വലിയ സാധ്യതകളാണുള്ളത്.

സർവീസ് ഹാർബർ പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞത്ത് കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ ഭൂമി വാണിജ്യാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളും പരിഗണനയിലുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾക്ക് അനുബന്ധമായി മേഖലയിലെ സമുദ്രസേവന അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയ സേവനമേഖലകൾക്ക് വഴിയൊരുക്കുന്നതിനും നിർദിഷ്ട പദ്ധതി സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന് ഇന്ന് കൊടിയിറങ്ങും. നാല് ആഗ്രഹാര ക്ഷേത്രങ്ങളിലും രാവിലെ പ്രതേക പൂജകൾ നടക്കും. തുടർന്ന് 10നും 11.30 നും ഇടയിലാണ് ഉത്സവത്തിന് കൊടിയിറങ്ങുക. തുടർന്ന് ക്ഷേത്രങ്ങളിൽ അലങ്കാര ദീപാരാധന നടക്കും. ഇന്നലെ വൈകീട്ട് തേര്മുട്ടിയിൽ നടന്ന, ദേവരഥ സംഗമത്തിന് പതിനായിരങ്ങളാണ് സാക്ഷിയായത്.

✪✪✪

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് തീരുമാനമായി. മികച്ച പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്താനും ജില്ലാ കലക്ടർ P വിഷ്ണുരാജിന്റെ അധ്യക്ഷതയിൽ ചേർന്ന ആശുപത്രി വികസന സമിതി യോഗത്തിൽ തീരുമാനിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ...

.....വോയ്സ്.....

മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കുമുള്ള സൗകര്യങ്ങൾ വർധിപ്പിക്കും. രോഗികൾക്കാവശ്യമായ മരുന്നുകൾ തടസ്സമില്ലാതെ എത്തിച്ചുനൽകും. ആവശ്യത്തിന് ഡോക്ടർമാർ, സ്റ്റാഫ് നഴ്സ് എന്നിവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കും. രോഗികൾക്ക് വീൽ ചെയർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കാര്യക്ഷമമാക്കും.

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 13 കോടി 90 ലക്ഷം രൂപ ചെലവിൽ സ്ഥാപിക്കുന്ന എം.ആർ.ഐ സ്കാനിംഗിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാനും മെഡിക്കൽ കോളേജ് ആശുപത്രിയിൽ താൽക്കാലികമായി നിയമിച്ച ജീവനക്കാരുടെ നിയമനം അംഗീകരിക്കാനും യോഗത്തിൽ തീരുമാനമായി.

✪✪✪

പ്രശസ്ത കാർഷിക ശാസ്ത്രജ്ഞൻ, ഡോ. കൊടോത്ത് പ്രഭാകരൻ നായർ കോഴിക്കോട്ട് അന്തരിച്ചു. 88 വയസ്സായിരുന്നു. മണ്ണ് ശാസ്ത്രജ്ഞൻ, എഴുത്തുകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ അദ്ദേഹം, മണ്ണിന്റെ ഫലഭൂയിഷ്ഠത, സസ്യ പോഷണം, സുസ്ഥിര കൃഷി രീതികൾ എന്നിവയെക്കുറിച്ച് ഗവേഷണം നടത്തിയിട്ടുണ്ട്.

✪✪✪

ഇന്ന് ദേശീയ അപസ്മാര ദിനം. ലോകത്ത് നിരവധി ആളുകളെ ബാധിക്കുന്ന ന്യൂറോൺ സംബന്ധഅസുഖമായ അപസ്മാരത്തെക്കുറിച്ച് സമൂഹത്തിൽ ബോധവത്കരണം നടത്തുകയാണ് ദിനാചരണ ലക്ഷ്യം. "അനുഭവങ്ങളെ പ്രവർത്തനമാക്കി മാറ്റുക" എന്നതാണ് ഈ വർഷത്തെ അപസ്മാര ദിനാചരണ പ്രമേയം.

✪✪✪

മലപ്പുറം തിരൂരങ്ങാടിയിൽ വൈദ്യുതക്കാലിലെ സ്റ്റേ വയറിൽ നിന്നും ഷോക്കേറ്റ് വിദ്യാർത്ഥി മരിച്ച സംഭവത്തിൽ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അന്വേഷണത്തിന് ഉത്തരവിട്ടു.

ജില്ലാ കളക്ടറും, KSEB എക്സിക്യൂട്ടീവ് എഞ്ചിനീയറും അപകടത്തിന്റെ കാരണം സമഗ്രമായി പരിശോധിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് നിർദ്ദേശിച്ചു. ഡിസംബർ 3ന് തിരൂർ PWD റസ്റ്റ് ഹൗസിലെ സിറ്റിംഗിൽ, കേസ് പരിഗണിക്കും.

സംഭവത്തിൽ വൈദ്യുതി വകുപ്പ് അന്വേഷണം ആരംഭിച്ചു.

✪✪✪

കേരളത്തിന്റെ ഡിജിറ്റൽ സാക്ഷരതയ്ക്കും, ഇ-ഗവേണൻസ് മുന്നേറ്റങ്ങൾക്കും വഴിതുറന്ന ജനകീയ സംരംഭമായ അക്ഷയ പദ്ധതിയുടെ 25-ാം വാർഷിക ആഘോഷ പരിപാടികൾ, മുഖ്യമന്ത്രി VD സതീശൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. അക്ഷയയുടെ വെബ് പോർട്ടൽ ലോഞ്ചിംഗ് മന്ത്രി PK കുഞ്ഞാലികുട്ടി ഉദ്ഘാടനം ചെയ്യും.

✪✪✪

News Editor : ശ്രുതി എം
News Reader: സബിത കെ
News Team: സാലിം
DEO: സി കെ സുബോധ്